**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4145** **28-06-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ ഡീലർമാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ റേഷൻ വിതരണം തകരാറിലായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | റേഷൻ വിതരണം തടസ്സമില്ലാതെ നടന്നു വരുന്നു. ഓരോ മാസവും ശരാശരി 80-82% പേർ റേഷൻ കൈപ്പറ്റുന്നുണ്ട്. |
| (ബി) | റേഷൻ ഡീലർമാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പരാതിയോ നിവേദനമോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. റേഷൻ ഡീലർമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി റേഷൻവ്യാപാരികളുമായി യോഗം ചേർന്ന് വസ്തുതകൾ വ്യാപാരികളെ ബോധ്യപ്പെടുത്തിയിരുന്നു. സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതിനു ശേഷമുള്ള അവരുടെ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, റേഷനിംഗ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ലോ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി, യോഗതീരുമാനപ്രകാരം രൂപീകരിച്ച മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | റേഷൻ ഡീലർമാർ സമരത്തിലാണെങ്കിൽ സമരം എത്ര ദിവസം പിന്നിട്ടുവെന്നും അവരുമായി ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (സി) | റേഷൻവ്യാപാരികൾ നിലവിൽ സമരത്തിലല്ല. |

സെക്ഷൻ ഓഫീസർ